# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 -2026

ഗവൺമെന്റ് എൽ .പി ബി എസ് വെൺപകൽ

സ്കൂളിന്റെ പേര് : ഗവ എൽ പി ബി എ സ് വെൺപകൽ

സ്ഥാപി ച്ച വർഷം : 1894

മുൻസിപ്പാലിറ്റിയുടെ പേര് : അതിയന്നൂർ

ബി,ആ ർ .സി യു ടെ പേ ര് : ബാലാ രാമപുരം

ജില്ലയുടെ പേര് :തിരുവനന്തപുരം

സബ്ജില്ല യു ടെ പേര് ; ബാലരാമപുരം

ഹെഡ്മിസ്ട്രസിന്റെ പേര് : സുജ .എ സ് .കെ

മൊബൈൽ നമ്പർ : 9446477227

സീനിയർ അസിസ്റ്റന്റെ : ശ്രീ സജ. ഡി .വി

ഇമെയിൽ ഐഡി : govt lpbs venpakal @ gmailcom

സ്കൂൾ കോഡ് ;44218

താലൂക്കിന്റെ പേര് : നെയ്യാറ്റിൻകര

# <u>ആമുഖം</u>

129 വർഷങ്ങൾ ക്ക് മുൻപ് 1894ആണ് ഈ സ്കൂൾ ആരംഭിച്ചത്.മുൻകാലത്ത് ഈ സ്കൂൾ ചിന്നമാർത്താണ്ഡൻ

പുതുക്കര എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.തിരുവനന്തപുരം ജില്ലയിലെ

നെയ്യാറ്റിൻകര താലൂക്കിലെ

ബാലരാമപുരം ഉപജില്ല യിലെ അതിയന്നൂർ പഞ്ചായത്തിൻെറ ഭാസ്കർ

നഗർ വാർഡിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്.അന്നത്തെ

ചില സാമൂഹിക പ്രവർത്തകരുടെ പ്രയത്നം

കൊണ്ട് ഈ സ്കൂൾ ഗവ.എൽ.പി. ബി എസ്

വെൺപകൽ എന്ന പേരിൽ

ആയി.തികച്ചും ദരിദ്ര രായ

കർഷകരും കൂലിപ്പണി ക്കാരായ തൊഴിലാളി കളുടെ

മക്കൾക്ക് ഏക ആശ്രയം ഈ

സ്കൂൾ തന്നെ യാണ്.ആദ്യകാലങ്ങളിൽ

ആൺകുട്ടികൾക്ക് മാത്രമാണ്

പ്രവേശനം നൽകിയിരുന്നത്

പിൽക്കാലത്ത് പെൺകുട്ടി കൾക്കും പ്രവേശനം നൽകി.

ഈ സ്കൂളിൽ ഹെഡ്മിസ്ട്രസ്സിനെ കൂടാതെ

2 അധ്യാപകരും ഒരു പി.ടി.സി.എം ഉം സേവനം

അനുഷ്ഠാനിക്കുന്നു. സ്കൂളിന്

സ്വന്തമായി 67സെന്റ് സ്ഥലവും 2 ഷീറ്റിട്ട് കെട്ടിടവും

ഉണ്ട്.ധാരാളം മരങ്ങളുള്ള

സ്കൂൾ പരിസരം കുട്ടികൾക്ക് -പഠന പ്രവർത്തനങ്ങളിൽ

ഏർപ്പെടാൻ അവസരം ഒരുക്കുന്നു.സ്കൂൾ

അഭിമുഖീകരിക്കുന്ന ഏറ്റവും

വലിയ പ്രശ്നമാണ് കുട്ടികളുടെ എണ്ണത്തിലെ

കുറവ്.പൊതുവിദ്യാലയത്തോട് പുറം തിരിഞ്ഞ് നിൽക്കുന്ന

പൊതു സമൂഹത്തിന്റെ കാഴ്ച പ്പാട്

മാറ്റിയാൽ മാത്രമേ ഇതിന് പരിഹാരം ഉള്ളൂ.2025-26

അധ്യയന വർഷത്തിൽ സ്റ്റാൻഡേർഡ് 1 മുതൽ 4

വരെ 9 കുട്ടികളും നേഴ്സറിയിൽ 8 കുട്ടികളും

ഉണ്ട്..ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ കുട്ടികളെ

സ്കൂളിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന്

പ്രതിക്ഷിക്കുന്നു.

# ലക്ഷ്യങ്ങൾ

#. ഓരോ ക്ലാസുകളിലും ഓരോ  വിഷയങ്ങളുമായി ബന്ധപ്പെട്ട്
നേടേണ്ട മുഴുവൻ ശേഷികളും
ലഭ്യമായെന്ന് ഉറപ്പാക്കുക.

#  ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും
അതിനെ പ്രോത്സാഹിപ്പിക്കുകയും
ചെയ്യുക.

#. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷം സൃഷ്ടിക്കുക.

# ക്ലാസ്സ് മുറികളിൽ ഐ.സി.ടി.
സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക.

#ഓരോ വിഷയത്തിലും മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുന്നതിനായി
വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

# കുട്ടികളിൽ വായനാശീലം വളർത്തു ന്നതിനായി ക്ലാസ്സ്
ലൈബ്രറി വിപുലീകരിക്കുക.

# കുട്ടികളുടെ കായികമാനസിക വികാസത്തിനായി
സൂംബ പരിശീലനം നടപ്പിലാക്കുക.

#സമഗ്ര  ഗുണമേന്മ വിദ്യാഭ്യാസം  ആണ് പ്രധാനംഅതിന് വേണ്ടുന്ന
പ്രവർത്തനങ്ങൾ നൽകി കൊണ്ട്
പൊതു വിദ്യാലയങ്ങളിലോട്ട് കുട്ടികളെ ആകർഷിക്കുക.

# <u>അധ്യാപകരും വിവരങ്ങളും</u>

| Name of teachers | Designation | Responsibility |
|---|---|---|
| Suja S.K | Headmistress | |
| Sreesaja D V | P D Teacher | SRG convenor<br>PSITC<br>Gandhidarshan<br>Noonmeal |
| Bellasindhi.R.S | P D Teacher | Staff secretary<br>Vidyarangam |
| Girija kumari .k | Pre.primary | |

# <u>നിലവിലുള്ള ഭൗതിക സാഹചര്യം</u>

| വിഭാഗം | നിലവിലുള്ള ത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്സ് മുറി | 4 | |
| കളിസ്ഥലം | | 1 |
| ലൈബ്രറി | 1 | |
| കംപ്യൂട്ടർ ലാബ് | | 1 |
| ലാപ്ടോപ് | 1 | 2 |
| പ്രൊജക്ടർ | 1 | 1 |
| കിണർ | 2 | |
| ചുറ്റുമതിൽ | പൂർണം | |
| അടുക്കള | 1 | |
| സ്റ്റേജ് | | 1 |
| ടോയ്‌ലറ്റ് | 2 | |

**<u>ഭാഷ</u>**

#അക്ഷരങ്ങളുംചിഹ്നങ്ങളും പദങ്ങളും ആശയങ്ങളും
ഉറപ്പിക്കുക

#. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ
മുതലായ വ ആവശ്യാനുസരണം
കൃത്യതയോടുംസൂക്ഷ്മതയോടുംഉപയോഗിക്കാനുള്ള ശേഷിയും
നൈപുണികളും നേടുക.

#ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കുക

# സർഗാത്മക ചിന്ത വളർത്തു ന്ന രചനകളിൽ ഏർപ്പെടുക.

# അർത്ഥപൂർണമായ വായന
ഉറപ്പ് വരുത്തുക

# സാഹിത്യ രചനകളിൽ ഏർപ്പെടുക.

# പ്രവർത്തനങ്ങൾ

1.ക്ലാസ് ലൈബ്രറി യിലെ പുസ്തകങ്ങൾ,ബാലമാസികകൾ
കുട്ടികൾ വായിക്കുന്നു.അധ്യാപകർ
കഥാ ഭാഗം വായിച്ച് അവതരിപ്പിച്ച്
കുട്ടികളെ താത്പര്യം ഉള്ള വരാക്കി
മാറ്റുന്നു.

2.ബാലസഭകളിൽ കഥ അവതരണം

3.അക്ഷരം എഴുത്ത്, ചിഹ്നങ്ങൾ ഉറപ്പിക്കുക, അക്ഷരകാർഡ്
വാക്കുകൾ എഴുതി യകാർഡ്,

4.അക്ഷരകാർഡ് നൽകി ആവശ്യപ്പെടുന്ന അക്ഷരം
തെരെഞ്ഞെടുക്കൽ.

5.അക്ഷരപ്പാട്ട് നിർമ്മാണം, വാക്കുകൾ നിർമ്മാണം
വാക്യങ്ങൾ നിർമ്മിക്കൽ

5.വായനക്കുറിപ്പ് തയ്യാറാക്കി
അവതരിപ്പിക്കും

6.കഥാചാർട്ടുകളിൽ നിന്ന് കുട്ടികൾ സ്വന്തമായി കഥ
പറയുന്നു., എഴുതുന്നു

7.ക്ലാസ് ലൈബ്രറി യിൽ നിന്ന് പുസ്തകങ്ങൾ
പരിചയപ്പെടുത്തുന്നു.

8.പുസ്തകംശേഖരിച്ച് നൽകുന്നു.

# <u>ഇംഗ്ലീഷ്</u>

## <u>ലക്ഷ്യങ്ങൾ</u>

1.മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷിൽ സംസാരിക്കാനും,വായിക്കാനും
എഴുതാനും കഴിയുക.

2.നേഴ്സറി മുതൽ നാലാം ക്ലാസ്
വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ്
പഠനത്തിൽ താല്പര്യം ജനിപ്പിക്കുക.

## <u>പ്രവർത്തനങ്ങൾ</u>

1 . നേഴ്സറി ക്ലാസ്സ് മുതൽ ഇംഗ്ലീഷ്
പാട്ടുകൾ കേൾക്കാനും കഥകൾ കേൾക്കാനും (ഐ.സി.ടി.സഹായത്തോടെ) കളികളിൽ
ഏർപ്പെടാനും അവസരം
ഉണ്ടാക്കുക. എല്ലാ ക്ലാസ്സിലും ഓരോ
യൂണിറ്റിനൊപ്പം അതേ ആശയംഉൾക്കൊള്ളുന്ന കഥകൾ, കവിതകൾ കേൾക്കാനും
പറയാനും അവസരം
ഉണ്ടാക്കുന്നു.

3.ഇംഗ്ലീഷ് ബുക്കുകൾ, വാർത്ത കൾ
മാഗസീനുകൾ എന്നിവ ക്ലാസ്സിൽ
ക്രമീകരിക്കുന്നു.

# <u>ഗണിതം</u>

## <u>ലക്ഷ്യങ്ങൾ</u>

# ദൈനംദിന ജീവിതം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന്

# സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

#ചതുഷ്ക്രിയകൾ  ഉൾപ്പെടുന്ന പ്രവർത്തനങ്ങളിൽ താൽപര്യം പൂർവ്വം പങ്കെടുക്കുക.

# ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടിയെ വളർത്താൻ കഴിയുക.

## <u>പ്രവർത്തനങ്ങൾ</u>

# പ്രായോഗിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നേരനുഭവം ലഭിക്കാൻ കുട്ടിക്കട നടത്തുന്നു.

# സംഖ്യാബോധം ഉറപ്പിക്കൽ

# സംഖ്യാറിബൺ, സംഖ്യാകാർഡ്, തയ്യാറാക്കുന്നു.

# പാറ്റേൺ രൂപീകരണം, സങ്കലനം, വ്യവകലനം,ഗുണനം , ഹരണം എന്നിവ ഗണിതകളികളിലൂടെ ഉറപ്പിക്കുന്നു.

#ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം, ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം

#ജിയോജിബ്ര  പരിചയപ്പെടുന്നു.രൂപങ്ങൾ നിശ്ചിത അളവിൽ വരയ്ക്കുന്നു.

# പരിസര പഠനം

## ലക്ഷ്യങ്ങൾ

# ശാസ്ത്രീയ മനോഭാവം കുട്ടികളിൽ വളർത്തുന്നു.

#ശാസ്ത്ര പഠനം ജീവിതബന്ധിയാക്കുക.

#സാമൂഹികനൈപുണികളുടെ വികാസത്തിന് അവസരമൊരുക്കുന്നു.

#സമാധാനം പരസ്പരസ്നേഹം എന്നിവ നിലനിർത്താനുള്ള മനോഭാവം വികസിപ്പിക്കുകയും അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

## പ്രവർത്തനങ്ങൾ

# ചുറ്റുപാടും ഉള്ള സസ്യങ്ങളെനിരീക്ഷിക്കൽ പ്രത്യേകതകൾ പട്ടിക പ്പെടുത്തി നിഗമനങ്ങൾ രൂപീകരിക്കൽ.

# ശാസ്ത്രദിനാചരണവുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

#സാമൂഹിക ചുറ്റുപാടും നിരീക്ഷിക്കൽ നിഗമനങ്ങൾ രൂപീകരിക്കൽ .

# ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, പതിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.

# കായിക,മാനസിക ഉല്ലാസത്തിന്സുംബാ പരിശീലനം.

# ഉപസംഹാരം

കേരളത്തിലെ വിദ്യാഭ്യാസ മേഖല ഇന്ന് മുന്നേറ്റത്തിൽ എത്തി നിൽക്കുന്നു.നവീനമായ ആശയങ്ങളിലൂടെ മാതൃക പരമായ കർമ്മപദ്ധതികൾ ഏറ്റെടുത്ത് ഓരോ വിദ്യാലയത്തെയും മികച്ചതാക്കാം .ഓരോ വിദ്യാർത്ഥിയുടെയും വ്യക്തി വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് അവരെ സമൂഹത്തിൽ ഉത്തമം പൗരന്മാരായി വളർത്തിയെടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം എന്ന് ലക്ഷ്യത്തോടെ പ്രവർത്തിക്കാം.